കൃതജ്ഞതയോടെ ആലപ്പാട്ട് കുടുംബം

സി.കൊറോണ സി. എച്ച്. എഫ്. 12111379
സി.റെജി ആലപ്പാട്ട് സി. എച്ച്. എഫ്. 12111268
സി.വിജയ സി. എച്ച്. എഫ്.

പ്രകൃതിരമണീയമായ കരാഞ്ചിറ ഗ്രാമത്തിൽ വസിച്ചിരുന്ന ഒരു കൊച്ചുകുടുംബം - ആലപ്പാട്ട് ലോന - ഉണിച്ചാർ ദമ്പതികളും മകൾ ത്രേസ്യയും മകൻ പൊറിഞ്ചുവും മക്കൾ ഔസേപ്, ജോർജ്ജ്, ദേവസിഅടങ്ങുന്ന സന്തുഷ്ട കുടുംബം. തികഞ്ഞ ദൈവഭക്തരായ ആ മാതാപിതാക്കൾക്ക് ഒരു പ്രത്യേക സഹനം ദൈവം അനുവദിച്ചു. കടിഞ്ഞൂൽ സന്താനമായ ത്രേസ്യക്ക് വായ തുറക്കാൻ പറ്റാത്ത ഒരസുഖം.

ത്രേസ്യ യൗവ്വനത്തിലേക്ക് പ്രവേശിച്ചതോടെ ലോനയ്ക്ക് ത്രേസ്യയെക്കുറിച്ചുള്ള ഉൽക്കണ്ഠ വർദ്ധിച്ചു. ഒരു ദിവസം ലോന തന്റെ പ്രിയമകളേയും കൂട്ടി ബന്ധുവായ ജോസഫ് വിതയത്തിലച്ചനെ കാണാൻ പുത്തൻചിറ പള്ളിയിലേക്ക് പോയി. അന്ന് ജോസഫ് അച്ചൻ പുത്തൻചിറ പള്ളി വികാരിയായിരുന്നു. മകളുടെ അസുഖവിവരങ്ങളെല്ലാം ലോന, അച്ചനോട് വിശദമായി പറഞ്ഞു. അച്ചന്റെ ആത്മീയനേതൃത്വത്തിൽ കഴിഞ്ഞിരുന്ന ആ ഇടവകക്കാരിയായ മറിയം ത്രേസ്യയുടെ പ്രാർത്ഥനാ ശക്തിയെക്കുറിച്ച് കേട്ടറിഞ്ഞിരുന്ന ലോന, മറിയം ത്രേസ്യയുടെ അപേക്ഷ ആവശ്യപ്പെടാൻ ആഗ്രഹിച്ചാണ് വന്നിരിക്കുന്നത് എന്ന് അറിഞ്ഞ അച്ചൻ അവരെ മറിയം ത്രേസ്യ താമസിച്ചിരുന്ന വീട്ടിലേക്ക് പറഞ്ഞയച്ചു. പെൺകുട്ടിക്കുവേണ്ടി അപേക്ഷിക്കണമെന്ന് മറിയം ത്രേസ്യയോട് ആവശ്യപ്പെടുകയും ചെയ്തു.

ഏതാനും സമയത്തിനുള്ളിൽ അപ്പനും മകളും മറിയം ത്രേസ്യയുടെ വീട്ടിലെത്തി. തുടർന്ന് നടന്ന കാര്യങ്ങൾ വിതയത്തിലച്ചന്റെ വാക്കുകളിൽ താഴെ ചേർക്കുന്നു. (വിതയത്തിലച്ചന്റെ ഡയറി - ഭാഗം 20, പേജ് 114, കാലഘട്ടം 1905 - 1906)

''കരാഞ്ചിറ ഇടവകയിലെ ആലപ്പാട്ട് പൊറിഞ്ചു ലോനയുടെ മകൾ ത്രേസ്യക്ക് (ഏകദേശം 20 വയസ്സ് പ്രായം) വായ് തുറക്കാൻ പാടില്ലാത്ത ഒരു സുഖക്കേട് ഇളംപ്രായത്തിൽ ആരംഭിക്കുകയും ആ അസുഖം വർദ്ധിച്ചുവരികയും തീരെ വായ് തുറക്കാൻ പാടില്ലാത്ത സ്ഥിതിയിൽ ആയിത്തീരുകയും ചെയ്തു. ഈ പെൺകുട്ടിയ്ക്ക് വി.കുർബ്ബാന കൈക്കൊള്ളുവാനുള്ള ആഗ്രഹം സാധിച്ചു കിട്ടുന്നതിന് മറിയം ത്രേസ്യയോട് അപേക്ഷിക്കാൻ പറയാനായി ഈ പെൺകുട്ടി തന്റെ അപ്പനോടുകൂടെ മറിയംത്രേസ്യയുടെ ആത്മീയപിതാവിന്റെ അടുക്കൽ വന്നു. ആത്മീയപിതാവ് അപേക്ഷിക്കാനായി മറിയംത്രേസ്യയെ ദശമേല്പിക്കുകയും ചെയ്തു. ഈ അസുഖമുള്ള പെൺകുട്ടിയെ കണ്ടപ്പോൾ മറിയംത്രേസ്യക്ക് വളരെ അലിവ് തോന്നി. ഇവൾക്കുവേണ്ടി എന്ത് വേദനയോ പാടുപീഡകളോ തരുന്നതിന് ദൈവത്തോട് പ്രാർത്ഥിച്ചു. ഇടവം 14-ാം തിയതി ഞായറാഴ്ച ഏകദേശം പാതിരയ്ക്ക് മറിയംത്രേസ്യയുടെ ഇടതുവശം മുഴുവനും സ്വാധീനമില്ലാതെയും ഇടത്തെ കാലും കയ്യും ഇളക്കുന്നതിനുകൂടി കഴിവില്ലാതെയുമായി. ആ വശം മുഴുവനും വേദനയും ഉണ്ടായി.

ത്രേസ്യയ്ക്കുവേണ്ടി സ്വയം ചോദിച്ചുവാങ്ങിയ സഹനങ്ങളുമായി മറിയം ത്രേസ്യ ഏതാനും ദിവസങ്ങൾ കഴിച്ചുകൂട്ടി. പ്രതീക്ഷയോടെ മടങ്ങിയ അപ്പനും മകളും പ്രാർത്ഥന തുടർന്നു. ഏതാനും ദിവസങ്ങൾക്കകം മകൾ സൗഖ്യം പ്രാപിച്ചു. വായ തുറക്കാനും ഏറെ ആഗ്രഹിച്ചു കാത്തിരുന്ന വി.കുർബ്ബാന സ്വീകരിക്കാനും സാധിച്ചു. കർത്താവ് അനുവദിച്ച നിശ്ചിത സമയം പൂർത്തിയായപ്പോൾ മറിയം ത്രേസ്യയ്ക്ക് ആശ്വാസം ലഭിച്ചു.

1914 മെയ് 14-ാം തിയതി ദൈവത്തിന്റെ അനന്തപരിപാലനയിൽ മറിയം ത്രേസ്യായിലൂടെ തിരുക്കുടുംബസന്യാസിനിസമൂഹം ജന്മമെടുത്തു.

90 YEARS COMPLETED

A.L. Antony (1218311- - Karanchira Thope)
D.O.B. 02.08.1929
Alapatt (Karanchira Thope) House
P.O.Karanchira
Thrissur - 680702
Ph:0480 2877586

Mr.A.D.Paul (1218321 - Karanchira Thope)
D.O.B. 25.04.1929
Alapatt House
H.S.Road
P.O.Karanchira
Thrissur 680 702, Ph:2877816

Thressiakutty Devassy (121842 -- Karanchira Thope)
W/o. Late A.K.Devassy
St.Thomas Street
Kuriachira, Thrissur 680006
Ph: 0487 02281812

80 YEARS COMPLETED

Mr.A.F.Sunny (1218331 Karanchira Thope
D.O.B. 25.12.1939
Alapatt House
22/1523 Youngshine Road,
P.O.Jubilee Mission, Thrissur - 680005
Mob: 9847991545

New Born

Joseph Anand Alapatt
ALAPATT KAROTT, SECTION
DoB: 22-09-2019
Parents: Anand Anto & amp; Jifi Anand)

Janine
Father : Fijo Francis (Alapatt Karot Family)
Mother : Neema Fijo
DOB: 14.12.2019

Alapatt Family Fraternity

Treasurer
Antony F. Alapatt

Income & Expenditure Statement for the year 2019

INCOME	Rs.	Ps	EXPENDITURE	Rs.	Ps
Fixed deposit Interest	112925	00	Photo Expenses	1000	00
SB Interest	656	00	Hall rent	13250	00
FD Loan a/cs	78000	00	Donation flood bit victims	18000	00
Bulletin advertisements	8000	00	Address book printing	20750	00
Other Donations	6356	00	Gift during the AGM	2200	00
SB Previous Balance	21233	90	Flex Expenses	860	00
			Web site	2300	00
			Church expenses	1500	00
			Catering	24250	00
			Bulletin Printing	9000	00
			Other Expenses	9075	00
			Bank Charges	35	00
			Stage & Sound	5500	00
			Fixed deposit, F.D. Loan A.c	104256	00
			Present SB balance	15194	90
Grand Total	227170	90	Grand Total	227170	90

സി.അനസ്താസിയ 29 വർഷത്തോളം സമൂഹത്തിൽ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചുകൊണ്ട് ജീവിച്ചു. പ്രായത്തിന്റേതായ ബുദ്ധിമുട്ടുകളാൽ ക്ഷീണവും രോഗവും വർദ്ധിച്ച് 1944 ഒക്ടോബർ 17 ന് ഭാഗ്യനിദ്ര പ്രാപിച്ചു. കുഴിക്കാട്ടുശ്ശേരി മഠം കപ്പേളയിൽ സംസ്ക്കരിച്ചു.

വി.മറിയം ത്രേസ്യായുടെയും അമ്മയുടെ ആത്മീയ പുത്രി ആലപ്പാട്ട് തറവാടിന്റെ ഓമന മകൾ സി.അനസ്താസിയായുടെയും പുണ്യസ്മരണകൾക്ക് മുൻപിൽ കൃതജ്ഞതയുടെ ആദരാഞ്ജലികൾ!!!

ഇത്തരുണത്തിൽ കരാഞ്ചിറ കൊച്ചുമറിയം എന്നറിയപ്പെടുന്ന, കുഴിക്കാട്ടുശ്ശേരി മഠത്തിൽ ദീർഘനാൾ സേവനം ചെയ്തിട്ടുള്ള ഓക്സിലറി ചേച്ചിയെ നന്ദിയോടെ സ്മരിക്കട്ടെ.

കൊച്ചുമറിയം എന്നറിയപ്പെടുന്ന ഓക്സിലറി ചേച്ചിയെ രോഗിയായ മകൾ ത്രേസ്യയുടെ ശുശ്രൂഷയ്ക്കായി ലോന സ്വന്തം വീട്ടിൽ താമസിപ്പിച്ചിരുന്നു. ഏകദേശം 12 വർഷത്തോളം ലോനയുടെ വീട്ടിൽ കൊച്ചുമറിയം താമസിച്ചു. ഇതിനിടയിലാണ് ത്രേസ്യ തിരുക്കുടുംബ മഠത്തിൽ ചേർന്നത്. ഒരു ദിവസം ലോനയുടെ കുടുംബാംഗങ്ങളോടൊപം കൊച്ചുമറിയവും ത്രേസ്യയെ (സി. അനസ്താസിയ) സന്ദർശിക്കാൻ കുഴിക്കാട്ടുശ്ശേരി മഠത്തിലേക്ക് പോയി. എന്തായാലും അധികം താമസിയാതെ വീട്ടുകാരുടെ സമ്മതത്തോടെ കൊച്ചുമറിയം കുഴിക്കാട്ടുശ്ശേരി മഠത്തിൽ എത്തിച്ചേർന്നു. മഠത്തിലെ അടുക്കളയിലും പറമ്പിലുമായി കൊച്ചുമറിയം ദീർഘനാൾ ശുശ്രൂഷ ചെയ്തു. മറിയം ത്രേസ്യാമ്മയെ നേരിൽ കാണാനും സംസാരിക്കാനും അമ്മയുടെ പഞ്ചക്ഷതവും മറ്റ് അനുഭവങ്ങളും നേരിൽ കാണാനും കേട്ടറിയാനും കൊച്ചുമറിയത്തിന് ധാരാളം അവസരങ്ങൾ ലഭിച്ചു. ഇടയ്ക്ക് ലോനയുടെ പേരക്കുട്ടികളുടെ വീട്ടിൽ കൊച്ചുമറിയം ചെല്ലുമ്പോൾ പ്രധാന സംസാരവിഷയം മറിയം ത്രേസ്യാമ്മ തന്നെയായിരുന്നു.

ഏറെ ത്യാഗത്തോടും ഔദാര്യത്തോടും കൂടി നീണ്ട വർഷങ്ങൾ കുഴിക്കാട്ടുശ്ശേരി മഠത്തിൽ സേവനം ചെയ്ത കൊച്ചുമറിയം ചേച്ചി 06-08-1967 ൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കുഴിക്കാട്ടുശ്ശേരി മഠം സിമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.

പ്രിയപ്പെട്ട കൊച്ചു മറിയം ചേച്ചിക്ക് ആലപ്പാട്ട് കുടുംബത്തിന്റെ നന്ദിയുടെ വാടാമലരുകൾ അർപ്പിക്കുന്നു!

(സി. വിജയയുടെ അമ്മയുടെ അമ്മായിയാണ് സി. അനസ്താസിയ)

Obituary

JOSEPH ALAPATT THOPPIL
DATE OF BIRTH 17.09.1937
DATE OF DEATH 12.05.2019

SEBASTIAN J ALAPATT
DATE OF DEMISE:
19TH MARCH 2019

ആലപ്പാട്ട് കുര്യൻ മാസ്റ്റർ ഭാര്യ
മേരി
ജനനം : 05.12.1934
മരണം : 02.12.2019

ആലപ്പാട്ട് കരാഞ്ചിറ തോപ്പ് ഫ്രാൻസീസ് ഭാര്യ
ത്രേസ്യ

SENIOR MOST MEMBERS OF A.F.F

Mr.A.L.George (121854 - Karanchira Thope)
D.O.B. 01.12.1926
C/o. Sebastian Cherian
Manjaly House
Varandirapilly P.O.
Pallikunnu - 680 303, Ph: 0480 2761103

Dr.Antony P. Alapatt (121873- Karanchira Thope)
D.O.B. 26.12.1926
Civil Surgeon
Alapatt House
Alapatt Building
2nd Floor 62/6085, Market Road
Ernakulam - 682001
Ph: 0484 - 2369373

Sr.Anchila (92 Years old)
Rosary Convent
Kuvassery, Palna
Palakkad Dt.
D/o.Alapatt Karott Thoma &
Ittiyanam Thoma
DOB: 16.3.1928
D.O. Ordination : 25.51950

പ്രതിബന്ധങ്ങളെയെല്ലാം സധൈര്യം തരണം ചെയ്ത് കുടുംബാംഗങ്ങൾ എല്ലാവരുടെയും അനുഗ്രഹാശിസ്സുകളോടെ 1915 ഫെബ്രുവരി മാസത്തിൽ അവൾ പുത്തൻചിറ തിരുക്കുടുംബ മഠത്തിൽ അർത്ഥിനിയായി വന്നുചേർന്നു.

സി അനസ്താസിയ എന്ന പേരിൽ ശിരോവസ്ത്രം സ്വീകരിച്ചു'. അങ്ങനെ തിരുക്കുടുംബ സഭയിലേക്ക് കടന്നുവന്ന രാമത്തെ അർത്ഥിനിയാണ് ത്രേസ്യ'.

29.4.1915 ൽ ആദ്യവ്രതാർപ്പണവും 8.5.1917 ൽ നിത്യവ്രതാർപ്പണവും നടത്തിയ സി. അനസ്താസിയ തികഞ്ഞ ദിവ്യകാരുണ്യഭക്തയായിരുന്നു. മദർ, പ്രൊക്കുറേറ്റർ, ജൂനിയർ മിസ്ട്രസ് തുടങ്ങിയ നിലകളിൽ മദർ മറിയം ത്രേസ്യയോട് പൂർണ്ണമായും സഹകരിച്ച് ത്യാഗപൂർവ്വം സിസ്റ്റർ അനസ്താസിയ ശുശ്രൂഷ ചെയ്തു.

അനുഗ്രഹത്തിന്റെ ഒരു സുദിനം

അന്നൊരു ദിവസം (1921 ൽ) മദർ മറിയം ത്രേസ്യായും സി. അനസ്താസിയയും ഒരുമിച്ച് കരാഞ്ചിറയിൽ ആലപ്പാട്ട് ലോനയുടെ വീട്ടിൽ വന്നു. മറിയം ത്രേസ്യാമ്മയുടെ പഞ്ചക്ഷതത്തെക്കുറിച്ച് നേരത്തെ അറിഞ്ഞിരുന്ന അവരിലൊരാൾ ഇതിനിടയിൽ ചുരുട്ടി പിടിച്ചിരുന്ന മദറിന്റെ കൈ നിവർത്തി നോക്കി. മുറിവുണ്ടായിട്ട് ഉണക്കംവരുമ്പോൾ ഉണ്ടാകുന്ന ഒരടയാളം ഉള്ളംകയ്യിൽ കണ്ടതായി പൊറിഞ്ചുവിന്റെ മകൾ റോസ തന്റെ മകൾ സി.വിജയയോട് പിന്നീട് നേരിൽ പറഞ്ഞിട്ടുള്ളതാണ്. പൊറിഞ്ചുവിന്റെ മൂത്ത നാല് പെൺമക്കളും ആ കൂട്ടത്തിലുണ്ടായിരുന്നു. ഉണിച്ചാർ (16), താമ (14), റോസ (12), ത്രേസ്യ (9). കൗമാരക്കാരായ ആ പെൺമക്കളെ കണ്ടപ്പോൾ മറിയം ത്രേസ്യാമ്മയ്ക്ക് വളരെ സ്നേഹവും വാത്സല്യവും തോന്നി. താൻ സ്ഥാപിച്ച സന്ന്യാസിനി സമൂഹത്തിലേക്ക് പറ്റിയ മക്കളെ ഇവരിലൂടെ അയക്കണമെന്നെന്ന് മദർ അന്ന് ഹൃദയപൂർവ്വം പ്രാർത്ഥിച്ചിട്ടുണ്ടാകും; ആ നല്ല പെൺമക്കളെ തീർച്ചയായും മനസ്സിൽ അനുഗ്രഹിച്ചുകാണും. അതിന്റെ ഫലം നൊന്നാനായി കണ്ടുതുടങ്ങി. മൂത്ത മകൻ പൊറിഞ്ചുവിന്റെ 12 മക്കളിൽ ഏറ്റവും ഇളയ സന്താനം ശോഭ അധികം താമസിയാതെ തിരുക്കുടുംബസന്ന്യാസിനിസമൂഹത്തിൽ ചേരുകയും സിസ്റ്റർ തിയഡോസിയ എന്ന നാമധേയം സ്വീകരിക്കുകയും ചെയ്തു. പൊറിഞ്ചുവിന്റെ മൂത്തമകൾ ഉണിച്ചാറിന്റെ മകൾ സി.ഷാർലറ്റ് CHF, രണ്ടാമത്തെ മകൾ താമയുടെ മക്കൾ സി.അനസ്താസിയ CHF, സി.മേരി ലൂർദ്ദ് CHF,, സി.കസിയാന CHF, എന്നിവർ, മൂന്നാമത്തെ മകൾ റോസയുടെ മക്കൾ സി.മർത്തീന CHF, സി.ആനി ഗ്രെയ്സ് CHF,, സി.വിജയ CHF, എന്നിവർ, നാലാമത്തെ മകൾ ത്രേസ്യയുടെ മക്കൾ സി.അനൻസിയാറ്റ CHF,, സി.ആനി ഇമ്മാക്കുലേറ്റ് CSS, സി.ജോസിയ CHF,, സി.ഫിലിഷീനി CSS ത്രേസ്യയുടെ പേരക്കുട്ടികൾ സി.മരിയ CHF,, സി.ക്ലെയർ CHF, എന്നിവർ, പൊറിഞ്ചുവിന്റെ മകൻ ദേവസ്സിയുടെ മക്കൾ സി.വിയാനി CHF, സി.ട്രീസ, സി.ആനി ബെനഗ്റ് CHF, സി.ഡോറ (ലീഹ) ഇ്ലീ), സി.റെജി ആലപ്പാട്ട് CHF,എന്നിവരും ലോനയുടെ മകൻ ഔസേഫിന്റെ മക്കൾ സി.ക്ലൊത്തിൽദ് CHF,, സി.മേരി സൈമൺ W, സി.മൈക്കിൾ SABS, സി.കൊറോണ CHF,, ഔസേഫിന്റെ പേരക്കുട്ടി സി. മേരി ആന്റണിറ്റ (Discalced Carmelite), ജോർജ്ജിന്റെ പേരക്കുട്ടി (സി. മേരി ഫ്രാൻസീസ് (Cong. of St. Joseph) എന്നിവരും സമർപ്പിതജീവിതത്തിലേക്ക് കടന്നുവന്നു. ലോനയുടെ മകൻ ദേവസ്സി പൗരോഹിത്യം സ്വീകരിച്ച് ഒരു ഇടവക വൈദികനായി ശുശ്രൂഷ ആരംഭിച്ചു. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ടൈഫോയ്ഡ് പനി ബാധിച്ച് മരണടഞ്ഞ ആ അഭിക്ഷിക്തന്റെ അനുഗ്രഹവും ഈ കുടുംബത്തോടൊപ്പമുണ്ടെന്ന് ന്യായമായും അനുമാനിക്കാം. അങ്ങനെ മദർ മറിയം ത്രേസ്യായുടെ അനുഗ്രഹമാരിയാൽ 26 സമർപ്പിതരും ഒരു വൈദീകനും ഒരു കുടുംബത്തിൽ നിന്ന് ജന്മമെടുത്തു എന്നത് അമ്മയുടെ പുണ്യജീവിതത്തിന്റെ അത്ഭുതശക്തിക്ക് സാക്ഷ്യമായി നിലക്കൊള്ളുന്നു. നമുക്ക് ദൈവത്തെ സ്തുതിക്കാം, നന്ദി പറയാം!!